**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1559 3/10/2011-ൽ മറുപടിയ്ക്ക്

<u>ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി</u>

<u>ചോദ്യം</u> <u>മറുപടി</u>

**ശ്രീ. ഇ. പി. ജയരാജൻ** ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ)<br>ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടുകൂടിയുള്ള ഉൾനാടൻ മത്സ്യകൃഷി വികസനപദ്ധതി നടത്തിപ്പിനായി നടപ്പുസാമ്പത്തിക വർഷം എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ)<br>റിസർവോയർ മത്സ്യകൃഷി ചെയ്യുന്നതിനായി 47 ലക്ഷം രൂപയും റിസർവോയറിലെ മത്സ്യകൃഷി സംബന്ധിച്ച് 100 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനു വേണ്ടി 1.75 ലക്ഷം രൂപയും കൂടാതെ അലങ്കാര മത്സ്യകൃഷി നടത്തിപ്പിനായി 75 ലക്ഷം രൂപയും ദേശീയ മത്സ്യവികസന ബോർഡ് ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം നീക്കി വച്ചിട്ടുണ്ട്. |
| (ബി)<br>ഇതിൽ ഒരിനമായ 'ആഭ്യന്തരവിപണന കേന്ദ്രങ്ങൾ' എന്ന പദ്ധതിയ്ക്കായി കൂടുതൽ തുക വകയിരുത്തുവാനും ഒരു നിയോജകമണ്ഡലത്തിൽ ഒരു മത്സ്യമാർക്കറ്റ് എങ്കിലും അന്താരാഷ്ട്ര നിലവാരത്തിൽ വൃത്തിയും മാലിന്യ സംസ്കരണസംവിധാനങ്ങളും ഉള്ളതായി രൂപപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോ? | (ബി)<br>സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വൃത്തിയും മാലിന്യ സംസ്ക്കരണ സംവിധാനങ്ങളും ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനായുള്ള പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ട്.<br>ടി പദ്ധതി ദേശീയ മത്സ്യ വികസന ബോർഡിൻെറ ധന സഹായത്തോടുകൂടി പറവൂർ, ആലുവ, പത്തനംതിട്ട, തിരുവനന്തപുരം പാങ്ങോട്, എറണാകുളം ബ്രോഡ്‌വേ, മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ വൈക്കം ഏറ്റുമാനൂർ എന്നീ സ്ഥലങ്ങളിൽ മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.